## പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:164 04/02/2013 - ൽ മറുപടിക്ക്

### 'മത്സ്യസമൃദ്ധി' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ഡി. സതീശൻ:<br>„ എ. പി. അബ്ദുള്ളക്കുട്ടി:<br>„ ബെന്നി ബെഹനാൻ:<br>„ വർക്കല കഹാർ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്ത് 'മത്സ്യ സമൃദ്ധി' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ്; | (എ) ഉണ്ട്. 2012 ജൂൺ 10-ാം തീയതി തുടക്കം കുറിച്ച മത്സ്യസമൃദ്ധി പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനം വളരെ വിജയകരമായി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. |

| നമ്പർ | ഒന്നാംഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്ന പ്രധാന പ്രവർത്തനങ്ങൾ | കൈവരിച്ച നേട്ടങ്ങൾ |
|---|---|---|
| 1 | ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ച് കൃഷി - 5000 ഹെക്ടർ ലക്ഷ്യമിട്ടിരുന്നു | 5460.395 ഹെക്ടറിൽ മത്സ്യ/ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. |
| 2 | പാടശേഖര മത്സ്യ/ആറ്റുകൊഞ്ച് കൃഷി - 1540 ഹെക്ടർ ലക്ഷ്യമിട്ടിരുന്നു | 1050 ഹെക്ടറിൽ മത്സ്യവിത്ത് നിക്ഷേപം നടത്തിയിട്ടുണ്ട്. |
| 3 | ഓരുജല ചെമ്മീൻ കൃഷി - 2000 ഹെക്ടർ ലക്ഷ്യമിട്ടിരുന്നു. | 31/01/2013-ന് ലക്ഷ്യം കൈവരിച്ചു. |
| 4 | ശുദ്ധജല മത്സ്യകൃഷി നടപ്പാക്കുന്നതിനുള്ള സാങ്കേതിക സർവ്വേ - 5000 ഹെക്ടറിൽ ലക്ഷ്യമിട്ടിരുന്നു. | 5500 ഹെക്ടർ സാങ്കേതിക സർവ്വേ പൂർത്തീകരിച്ചു. |
| 5 | പദ്ധതിയിലേക്കായി 660 അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരെ നിയമിക്കാൻ ലക്ഷ്യമിട്ടിരുന്നു. | ആകെ 771 അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരെ പഞ്ചായത്ത് തലത്തിൽ നിയമിച്ചു. |

കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പൊതു ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുള്ള പദ്ധതിയിലൂടെ വിവിധ ഇനങ്ങളിലായി 150 ടൺ അധിക ഉല്പാദനവും ലക്ഷ്യമിടുന്നു. പദ്ധതി പ്രകാരം 451.50 കോടി രൂപ അധിക വരുമാനം ഉണ്ടാകുമെന്നും 20 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും കണക്കാക്കുന്നു.

(സി) ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) കുളങ്ങളിലെയും ടാങ്കുകളിലെയും ശുദ്ധജല മത്സ്യകൃഷി, പാടശേഖരങ്ങളിലെയും കോൾ പാടങ്ങളിലെയും മത്സ്യ/ചെമ്മീൻ കൃഷി/സംയോജിത മത്സ്യകൃഷി പൊക്കാളി/കൈപ്പാട് നിലങ്ങളിലെയും സ്വകാര്യ കുളങ്ങളിലെയും ചെമ്മീൻകൃഷി, കരിമീൻ വിത്തുപരിപാലന വിപണന യൂണിറ്റുകൾ, അടുക്കള കുളങ്ങളിലെ കരിമീൻകൃഷി, കുളങ്ങളിലെ കരിമീൻ കൃഷി, കൂടുകളിലെ കരിമീൻകൃഷി, ഞണ്ട്/കല്ലുമ്മേക്കായ കൃഷി, പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, ജലകൃഷി സംബന്ധിച്ച സംയോജിത പരിപാലന പരിപാടികൾ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നത്;

(ഡി) സംസ്ഥാനത്തെ 14 ജില്ലകളിലും പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 887 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയിൽ പങ്കാളികളായിട്ടുണ്ട്.

(ഇ) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വ്യക്തമാക്കുമോ?

(ഇ) മത്സ്യകർഷക വികസന ഏജൻസികൾ, അഡാക്ക്, നിഫാം എന്നീ ഏജൻസികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

സെക്ഷൻ ഓഫീസർ

| | | |
|---|---|---|
| 6 | 14 ജില്ലകളിലായി 5000 പുതിയ കർഷകർക്ക് പരിശീലനം നൽകാൻ തീരുമാനിച്ചു. | 14 ജില്ലകളിലുമായി 8221 കർഷകർക്ക് പരിശീലനം നൽകി. |
| 7 | പദ്ധതിയിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം 750 | 887 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനോടകം പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. |
| 8 | പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപവുമായി ബന്ധപ്പെട്ട് 14 ജില്ലകളിൽ 21 ലക്ഷം രൂപയുടെ മത്സ്യവിത്ത് 2012 ഒക്ടോബർ 31–ന് മുമ്പ് നിക്ഷേപിക്കുന്നതിന് പദ്ധതി ലക്ഷ്യമിട്ടിരുന്നു. | 2012 ഒക്ടോബർ 31–ന് മുമ്പ് ലക്ഷ്യം കൈവരിച്ചു. |

കരിമീൻ കൃഷിയുടെ വിവിധ ഘട്ടങ്ങളായ കരിമീൻ വിത്തുല്പാദന വിപണന യൂണിറ്റ്, അടുക്കളക്കുളം, കുളത്തിലെ കരിമീൻ കൃഷി, കൂടുകളിലെ കരിമീൻ കൃഷി എന്നിവയും കൂടാതെ കല്ലുമ്മേക്കായ കൃഷിയും ഞണ്ടു കൃഷിയും ടി പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു.

കൃഷിക്കനുയോജ്യമായ ജലാശയങ്ങളുടെ സർവ്വെ, മത്സ്യവിത്ത് നിക്ഷേപം, ഓപ്പൺ വാട്ടർ റാഞ്ചിംഗ്, മത്സ്യകർഷകർക്ക് ട്രെയിനിംഗ്, സെമിനാറുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. അതിലൂടെ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്ന പ്രവർത്തനത്തിന് ആക്കം കൂട്ടാനും കഴിഞ്ഞിട്ടുണ്ട്.

---

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഉൾനാടൻ മത്സ്യോത്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്താൻ ലക്ഷ്യമിട്ടു കൊണ്ടുള്ള മത്സ്യ സമൃദ്ധി പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിലൂടെ 67750 ടൺ ശുദ്ധജല മത്സ്യം, 6875 ടൺ ശുദ്ധജല കൊഞ്ച്, 7500 ടൺ ചെമ്മീൻ, 9000 ടൺ കല്ലുമ്മേക്കായ, 900 ടൺ ഞണ്ട്, 300 ടൺ കരിമീൻ എന്നിവ അധികമായി ഉല്പാദിപ്പിക്കുവാൻ